# അത്ത പൂ ഇടുമ്പോൾ

# (ഒരു ഗാനകവിത)

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

## തിരികെവിളിച്ചെന്നോട്

അധരമനക്കാതെ മൂളിയതെന്തേ?

പറയാതെ പറയാൻ കൈനാട്ടി
പുരികം ചുളിക്കാതാംഗ്യഭാഷയിൽ
തുറക്കാത്ത ചുരുളിൽ കണ്ണെഴുതിയ
ഇംഗിതാല്ല രസലേപനത്തിൽ
ജ്ഞാനക്ഷാര ക്ഷണം ഞൊടിക്കുന്ന
തൊട്ടുപൊള്ളിക്കും ജ്വലനോഷ്മളത.

വീഥിയേറെ മാറി സഞ്ചരിക്കും
വണ്ടിക്കാരനില്ലാതെ താനേയുരുളും
ചക്രവാക ആകാശാശ്വരഥത്തിൽ
തിരിഞ്ഞു നടക്കാൻ മെരുങ്ങാത്ത
സമാന്തരപ്പാത സ്വയം തെളിക്കുന്നു.

ജഢത്തിൽ തുടങ്ങി ജടാനര പിഴുത് –
കായ്പഴുത്ത്
പൂപൂത്ത്
കുരുവായ് – ഒടുങ്ങുന്ന
കൃത്രിമ മറുജീവിത സമ്മാനം
തൊഴുകയ്യാൽ ദാനം ചെയ്യും
വിചിത്രേകാന്ത ശില്പശാല.

വേലക്കാരില്ലാതെ വിളവെടുക്കുന്ന
കടയിൽ നിന്നും വളമൂറ്റി
കൊടുംതടി കൊഴിക്കുന്ന
വിളവ് വേലിക്കു മടക്കുന്ന
വേലവെക്കുന്നോനെ വിടുവേലനാക്കുന്ന
ഞാറ്റുവേലപ്പൊടിപ്പിൽ തളിർക്കുന്ന
വടിവേലവ കാവടിപ്പീലി ചിണുങ്ങുന്നു.
*************************************************************